(സ്കൂൾവിക്കി തിരുത്തൽ - ഓൺലൈൻ പരിശീലനം)

ദിവസം : 1

## യൂണിറ്റ് 1: സ്കൂൾവിക്കി - എന്ത്? എന്തുകൊണ്ട്?

കേരളത്തിലെ എല്ലാ സ്കൂളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സർക്കാർ സംരംഭമായ ഐ.ടി. @ സ്കൂൾ (കൈറ്റ്) തയ്യാറാക്കുന്ന സംരംഭമാണ് **സ്കൂൾവിക്കി.** സ.ഉ.(സാധാ) നം.1198/2022/GEDN തീയതി 01/03/22 പ്രകാരം കേരളത്തിലെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് മേഖലയിലെ മുഴുവൻ വിദ്യാലയങ്ങളും ഇതിൽ അംഗമാകേണ്ടതാണ്. വിദ്യാർത്ഥികളുടെ സർഗാത്മകസൃഷ്ടികളും അദ്ധ്യാപകർ തയ്യാറാക്കുന്ന പഠനസഹായ വിവരങ്ങളും ശേഖരിക്കുന്നതിനും പങ്കുവെക്കുന്നതിനുമായിട്ടാണ് ഈ വെബ്സൈറ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

നിലവിൽ പന്ത്രണ്ടായിരത്തിയഞ്ഞൂറോളം സ്കൂളുകളുടെ പേരുകൾ സ്കൂൾവിക്കിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൂർവവിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ, ഭൗതികസൗകര്യങ്ങൾ, ക്ലബ്ബുകൾ, ക്ലാസ് മാഗസിനുകൾ, സ്കൂളുകൾ തയ്യാറാക്കുന്ന കൈയെഴുത്തുമാസികകൾ, പ്രാദേശികപത്രങ്ങൾ, പ്രാദേശികചരിത്രം, നാടോടി വിജ്ഞാനകോശം, പഠന പ്രോജക്ടുകൾ എന്നിവ ഉൾപ്പെടെ ഓരോ വിദ്യാലയങ്ങളെക്കുറിച്ചുമുള്ള പരമാവധി വിവരങ്ങളാണ് സ്കൂൾവിക്കിയിൽ ലക്ഷ്യമിടുന്നത്. പൂർവ്വവിദ്യാർത്ഥികൾക്കും പൂർവ്വ അദ്ധ്യാപകർക്കും ഇതിൽ ഇടമുണ്ട്. വിദ്യാലയങ്ങളെ സംബന്ധിച്ച് അനന്തമായ സാധ്യതകളാണ് സ്കൂൾവിക്കി നൽകുന്നത്. എഡിറ്റിങ് പറിക്കുന്നതിനുമുൻപ്, സ്കൂൾവിക്കിയുടെ സാധ്യതകളെക്കുറിച്ച് ഓരോ ടീച്ചറും മനസ്സിലാക്കിയെങ്കിൽ മാത്രമേ ഇതിനെ ശാക്തീകരിക്കാനാവുകയുള്ളൂ. കൂടുതൽ അറിയുന്നതിനും അറിവുകൾ പങ്കുവെക്കുന്നതിനും കാണുക: **എന്ത്? എന്തുകൊണ്ട്?**

---







